**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1878** **09-12-2022 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിൽ കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം പ്രോൽസാഹിപ്പിക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനായി വടക്കാഞ്ചേരി മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ? | (എ) | ആത്മ പദ്ധതിയിൽ കാർഷിക ഉൽപന്നങ്ങളുടെ മൂല്യ വർദ്ധനവ് സംബന്ധിച്ച് കർഷകർക്ക് പരിശീലന ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്.<br><br>സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയ്ക്കായി സ്ഥിരം സംവിധാനം ഒരുക്കാൻ ഫാം പ്ലാൻ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു . ഈ പദ്ധതിയിൽ അംഗമാകാൻ താല്പര്യമുള്ളവരുടെ കൃഷിയിടം വിദഗ്ധ സംഘം പരിശോധിച്ച് വരുമാന വർദ്ധനവ് അനുവർത്തിക്കേണ്ടതായ കൃഷി അനുബന്ധ പ്രവർത്തനങ്ങളുടെ രൂപരേഖ ഉണ്ടാക്കുന്നതാണ്. ഫാം പ്ലാൻ പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ FPO രൂപീകരിച്ച് സംസ്കരണവും മൂല്യവർദ്ധനവും വിപണനവും നടത്തുന്നതിന് സ്ഥിര സംവിധാനം ഒരുക്കുന്നതിനായി FPO കൾക്ക് ധനസഹായം നല്കിക്കൊണ്ട് ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. വടക്കാഞ്ചേരി മണ്ഡലത്തിലെ മുണ്ടത്തിക്കോട്, മുള്ളൂർക്കര, അടാട്ട് എന്നീ കൃഷിഭവൻ പരിധിയിലെ 60 കർഷകരെ ഉൾപ്പെടുത്തി പരിശീലനം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ